Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 78 | മാർച്ച് 21 ഞായർ തൃശ്ശൂർ | വില 10 പൈസ | പേജ് 6

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ് വഴി	വാരാന്ത്യപ്രതിപ്പ് പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
6 മാസത്തേയ്ക്ക്	18.50	3.00
1 മാസത്തേയ്ക്ക്	4.65	1.50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്രതിപ്പ് അടക്കം		2.10
ഓരോപ്രതി	0.07	0.10

മാനേജർ.

ഒമേനിയൻപ്രസിഡണ്ട് നിര്യാതനായി

(റോയിട്ടർ) ബ്യൂണോസ് മാർച്ച് 19

ഒമേനിയൻ പ്രസിഡണ്ടും കമ്യൂണിസ്റ്റ് നേതാവുമായ മി. ഷ്വെയാർഡ്നഡ്സ് ഇന്നു നിര്യാതനായിരിക്കുന്നുവെന്നു ഔദ്യോഗികമായി അറിയിച്ചിരിക്കുന്നു.

സാമ്പത്തിക പുരോഗതിയും, ദേശീയൈക്യവും സുപ്രധാനം

ഇന്ത്യക്ക് ശോഭനമായ ഭാവിയുണ്ട്

പ്രധാനമന്ത്രി ശാസ്ത്രിയുടെ പ്രസംഗം

(പി. ടി. ഐ) ന്യൂഡൽഹി, മാർച്ച് 20

സമൂഹത്തിന്റെ പൊതുവായ താൽപര്യത്തിനു കനത്ത നികുതികളും ചുമത്താതിരിക്കാൻ യാതൊരു നിവൃത്തിയുമില്ലെന്നു പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി ഇന്നിവിടെവെച്ചു പറയുകയുണ്ടായി.

ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ 38 വാർഷികമെമ്പർമാരുടെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ രണ്ടാഴ്ചയിൽ ധനകാര്യമന്ത്രി മി. ടി. കൃഷ്ണമാചാരി എട്ടാമത്തെ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിക്കുകയും വ്യക്തിനികുതിയിൽ ഇളവനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് ശാസ്ത്രി പറഞ്ഞു. നികുതിവെട്ടിപ്പുകാരുടെ പ്രവൃത്തിയിൽ ഒരു പരിധിവരെ നടപടിയെടുക്കുവാൻ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണരൂപം താഴെ കൊടുക്കുന്നു.

ഇന്ത്യക്ക് ശോഭനമായ ഭാവിയുണ്ടെന്നു ഞാൻ പറയുകയുണ്ടായി. സംസ്ഥാനതലവന്മാരിൽ ഭക്ഷ്യധാന്യങ്ങളുടെ സ്വയംപര്യാപ്തതയെപ്പറ്റി നിങ്ങൾക്കുണ്ടായിരിക്കുന്ന ഈ പ്രശ്നത്തിന് അവസാനമായി ഗവണ്മെന്റ് ഒരു പരിഹാരം കണ്ടു. ഭക്ഷ്യധാന്യങ്ങളുടെ ഒരു റിസർവ്വ് സ്റ്റോക്ക് കെട്ടിപ്പടുക്കുന്നതിനു സംബന്ധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഈ സ്റ്റോക്കിന്റെ സൂക്ഷിപ്പുചുമതല ഏതു സംസ്ഥാനത്തെയും ഒരു പ്രത്യേക മേഖലയായിട്ടാണ് പരിഗണിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളിലും അരിയെടുപ്പ് പുരോഗമിക്കുന്നുണ്ട്. 8 ലക്ഷം ടണ്ണോളം ഇപ്പോൾതന്നെ ശേഖരിച്ചിട്ടുണ്ട്. 19 ലക്ഷം ടൺ ശേഖരിക്കണമെന്നതാണ് ലക്ഷ്യം.

സ്വതന്ത്ര സമ്പത്തികം ഉണ്ടാവില്ല

രാജ്യത്ത് ഒരു സ്വതന്ത്ര സമ്പത്തിക സംവിധാനം ഉണ്ടാകുകയെന്നതു അസാധ്യമാണ്. ഞങ്ങളുടെ ലക്ഷ്യം സോഷ്യലിസമാണ്. അതുകൊണ്ട് സ്വതന്ത്ര സമ്പത്തിക വ്യവസ്ഥയോ, നമുടെ രാജ്യത്തിന്റെ ചരിത്രമോ അടിസ്ഥാനം ജനാധിപത്യമായതുകൊണ്ടോ സാധ്യമല്ലാത്തിടത്തോളം ഒരു മിശ്രസമ്പത്തികവ്യവസ്ഥയാണ് സ്വീകരിച്ചിട്ടുള്ളത്. ഈ മിശ്രസമ്പത്തികവ്യവസ്ഥയിൽ പൊതുമേഖലയോ സ്വകാര്യമേഖലയോ സ്ഥാപിക്കുവാൻ സാധ്യതയുള്ള എല്ലാ മണ്ഡലങ്ങളും അതുകൊണ്ട് ഒരു സങ്കലിത സാമ്പത്തിക വ്യവസ്ഥയാണ് നമുക്കാവശ്യം, സ്വകാര്യമേഖലയും, പൊതുമേഖലയും ഇന്ത്യയിൽ നിലനിൽക്കുന്നതാണ്. പക്ഷേ ഈ രണ്ടു മേഖലകളും പരസ്പരം സംഘട്ടനത്തിൽ ഏർപ്പെടരുത്. നമ്മുടെ പദ്ധതികളിൽ പൊതുമേഖലക്കാണ് കൂടുതൽ പരിഗണന. ഉദാഹരണമായി എന്നാൽ സ്വകാര്യമേഖലയും വളരുകയില്ലെന്നല്ല ഇതിനർത്ഥം. നികുതിവെട്ടിപ്പുകാരുടെ പ്രവൃത്തിയിൽ ഒരു പരിധിവരെ നടപടിയെടുക്കുവാൻ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ സഹായിക്കുമെന്നു ഞാൻ പറഞ്ഞുവല്ലോ.

പ്രധാന പ്രാധാന്യമർഹിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങളിൽ രാജ്യത്തിനുണ്ടായിട്ടുള്ള സാമ്പത്തിക പുരോഗതിയും, ദേശീയ ഐക്യവുമാണ്. ജനങ്ങളിൽ എനിക്ക് പൂർണ്ണമായ വിശ്വാസവും, ആശയും ഉണ്ട്. ഈ രാജ്യത്തിന്റെ ഭാവി ശോഭനമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

....

ഉത്തരവിയറ്റ്നാം മിൻറ വെടിക്കോപ്പുശാല തകർത്തു

(റോയിട്ടർ) സായ്ഗോൺ, മാ 19

120-ൽപരം അമേ. യുദ്ധവിമാനങ്ങളും ചേർന്ന് ഉത്തരവിയറ്റ്നാമിന്റെ വളരെ ഉള്ളിലുള്ള ഒരു വെടിക്കോപ്പുശേഖരണശാല തകർത്തിരിക്കുന്നു.

ഒരാഴ്ചക്കുള്ളിൽ നടക്കുന്ന മൂന്നാമത്തെ യുദ്ധാക്രമണമാണിത്. ഇടിച്ചുനിരപ്പാക്കപ്പെട്ട ഈ വെടിക്കോപ്പുശാല ട്രൂങ്ഡോവയെന്ന ഒരു ചെറുപട്ടണത്തിനടുത്താണ്. ഇതിനുമുമ്പ് ഈ പട്ടണത്തിനടുത്തുള്ള ഒരു ഗ്രാമത്തിനുനേരെയും ഇതുപോലെ ആക്രമണം നടത്തിയിരുന്നു.

അമേ. വിമാനങ്ങൾക്ക് കേടുപാടുകളൊന്നും സംഭവിച്ചില്ല.

ഗാന്ധിജിയുടെ ചെറുമകനായ രാജ്മോഹൻ ഗാന്ധി ഇന്നലെ ഡൽഹിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ഇന്ത്യൻ എയർലൈൻസിലെ ഒരു വക്താവ് പ്രസ്താവിച്ചിരിക്കുന്നതുപോലെ അദ്ദേഹം ഇന്നലെ ഡൽഹിയിൽ എത്തിയിട്ടില്ലെന്നു വ്യക്തമായിരിക്കുന്നു.

ശാസ്ത്രി ഹെഡ്ഗേ ബാദിൽ

(പി. ടി. ഐ) ഭോപ്പാൽ മാ. 20

പ്രധാനമന്ത്രിയായതിനുശേഷം ആദ്യമായി സന്ദർശനത്തിനായി പ്രധാനമന്ത്രി ശാസ്ത്രി ഇന്നിവിടെ എത്തി.

ശ്രീ പട്ടം താണുപിള്ളയും, ആഭ്യന്തരമന്ത്രി ശ്രീ നന്ദയും ഇദ്ദേഹത്തെ സ്വീകരിച്ചു. വിമാനത്താവളത്തിൽവെച്ച് അദ്ദേഹത്തെ സ്വീകരിച്ചു.

ഹൈമാസ്റ്റാരനിയമിക്കാൻ മാനേജർക്ക് അവകാശമുണ്ട്

ഹൈക്കോടതി വിധി

(പി. ടി. ഐ) എറണാകുളം മാ. 20

ഒരു മതന്യൂനപക്ഷം നടത്തുന്ന ഒരു സ്കൂളിൽ ഒരു മാനേജർക്ക് നിശ്ചിതയോഗ്യതകളുള്ളിടത്തോളം ആരെ വേണമെങ്കിലും ആ സ്കൂളിൽ ഹൈമാസ്റ്ററായി നിയമിക്കുന്നതിനുള്ള അധികാരമുണ്ടെന്ന് കേരള ഹൈക്കോടതിയിലെ മി. ജസ്റ്റിസ് കെ. കെ. മാത്യു വിധിച്ചിരിക്കുന്നു.

തന്റെ സ്കൂളിൽ ഒരു ഹൈസ്കൂൾ അദ്ധ്യാപകനെ നിയമിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടറുടെ ഒരു ഉത്തരവിനെതിരായി മാനേജർ ഒരു റിട്ട് ഹർജിയിന്മേലാണ് ഈ വിധിയുണ്ടായത്.

വിയാറ്റ്കോങ്ങ് ആയുധങ്ങൾ പിടിച്ചെടുത്തു

(റോയിട്ടർ) സൈഗോൺ മാ. 20

സൈഗോണിനു വടക്ക് കിഴക്കായി ഫാർമുഅ ഓഫീസിൽനിന്ന് തെക്കൻ വിയറ്റ്നാം സേന കമ്യൂണിസ്റ്റ് വിയറ്റ്കോങ്ങിന്റെ വൻ വലിയ ആയുധശേഖരം പിടിച്ചെടുത്തതായി ഇന്ന് റിപ്പോർട്ടുണ്ട്.

വിയറ്റ്കോങ്ങിൽനിന്ന് തിരിച്ചു പിടിച്ചെടുത്ത ആയുധങ്ങളിൽ കൂടുതലും അമേരിക്കൻ നിർമ്മിതമാണെന്നും പ്രസ്താവിച്ചു. അവിടെവെച്ചു നടന്ന വിയറ്റ്നാം സേന ഗറില്ലകളുമായി കൂട്ടിമുട്ടുകയുണ്ടായി. 600 മോസർ തോക്കുകളാണ് പിടിച്ചെടുത്തിട്ടുള്ളത്.

....

ചാക്കോള ഗോഹി

സംശയാസ്പദമായ ഒരു ഗോളിന് ബാങ്കളൂർ വിജയിച്ചു

റഫറിയുടെ പെരുമാറ്റത്തിൽ ജനക്കൂട്ടം രോഷാകുലമായി

(സ്വ. പ്ര) തൃശ്ശൂർ, മാർച്ച് 20

ചാക്കോള ഗോൾഡ് ഡോഹിക്കവേണ്ടിയുള്ള ഫുട്ബാൾ മൽസരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനു ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ് ബാങ്കളൂർ, സ്പിന്നിംഗ് മിൽ യൂത്ത്സ് കണ്ണൂരിനെ പരാജയപ്പെടുത്തിയിരിക്കുന്നു.

കളി ഒരുവിധം പ്രതിപക്ഷമായിരുന്നു. കണ്ണൂർ എല്ലാ നിമിഷവും ഫോർവേർഡിനു ജയപ്രതീക്ഷ നൽകുന്നതായിരുന്നു. കണ്ണൂരിന്റെ ഗോളി പുരുഷോത്തമൻ ഒരു ഉഗ്രൻ പ്രതിരോധംതന്നെ സൃഷ്ടിച്ചുനിന്നു. ബാങ്കളൂർ പുലർത്തുകയും ചെയ്തിരുന്നു. 21-ാംമിനുട്ടിലാണ് ബാങ്കളൂരിന്റെ ഏകഗോളും ലഭിച്ചത്. ഹിന്ദുസ്ഥാൻ എയർ ക്രാഫ്റ്റ് ബാങ്കളൂർ:-

ശ്രീനിവാസപിള്ള, കാത്തിഗൻ, അമീർ, പുട്ടസ്വാമി, ആരോഗ്യദാസ്, സുബ്ബാസ്വാമി, ജോൺ ഡിക്രൂസ്, ജയറാം, ഗോപാലൻ, ഷൺമുഖം, കന്നിയൻ.

സ്പിന്നിംഗ് യൂത്ത്സ് കണ്ണൂർ:-

പുരുഷോത്തമൻ, ഈശ്വരൻ, ലക്ഷ്മണൻ, സേതുമാധവൻ, അബ്ദുള്ളക്കുട്ടി, പവിത്രൻ, ബാലകൃഷ്ണൻ, ജഗന്നാഥൻ, സുധാകരൻ, വിജയൻ, ശ്രീനിവാസൻ. റഫറി: നമ്പ്യാർ.

രാഷ്ട്രപതിക്ക് തിക്കളായ്ച ശസ്ത്രക്രിയ നടത്തും

(റോയിട്ടർ) ലണ്ടൻ, മാ. 20

ഇന്ത്യൻ പ്രസിഡണ്ട് ഡോ: എസ്. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി ശിവകാമു രാധാകൃഷ്ണൻ ഈ മാസം 24-ാം തീയതി ഇവിടെ ഒരു ശസ്ത്രക്രിയയ്ക്കു വിധേയയാകുമെന്ന് ഇന്ത്യൻ ഹൈക്കമ്മീഷണർ ഓഫീസിൽനിന്നു പ്രസ്താവിച്ചു.

ഗുരുതരമായ ഒരു രോഗത്തിനുള്ള ചികിത്സയാണ് ഇവർക്കു നൽകുന്നതെന്നു പറയപ്പെടുന്നു.

ഇണ്ഡാരനായികെ കൊലക്കേസ്സിൽ ഒരു കക്ഷിക്കും പങ്കില്ലെന്ന് അന്വേഷണകമ്മീഷൻ

(പി. ടി. ഐ.) കൊളമ്പോ, മാ. 20

ഒരു സംഘടിത സമൂഹത്തിന്നോ ഒരു കക്ഷിക്കോ കക്ഷിയിലെ ഏതെങ്കിലുമൊരു അംഗത്തിന്നോ പ്രത്യക്ഷമായോ പരോക്ഷമായോ ബണ്ഡാരനായികെ കൊലക്കേസ്സിൽ പങ്കാളിത്തമുണ്ടെന്നോ സൂചന നൽകുന്ന ഒരു തെളിവുമില്ലെന്നു 1959ൽ കൊല്ലപ്പെട്ട പ്രധാനമന്ത്രി ബണ്ഡാരനായികയുടെ വധത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനായി നിയോഗിച്ച കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

കമ്മീഷൻ അന്തിമമായി റിപ്പോർട്ട് കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണ് ഗവർണ്ണർ ജനറൽക്ക് സമർപ്പിച്ചത്. സിലോൺ, ഫെഡറൽ പാർട്ടി എന്നിവിടങ്ങളിൽനിന്നുള്ള ജഡ്ജിമാരാണ് കമ്മീഷനിലുണ്ടായിരുന്നത്. റിപ്പോർട്ട് ഇന്നിവിടെ പ്രസിദ്ധീകരിച്ചു.

തിരഞ്ഞെടുപ്പിനുമുമ്പ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ പ്രതിപക്ഷകക്ഷികളും ഗവർമ്മെണ്ടിനെ അവരുടെ പ്രചരണായുധങ്ങളിൽപെടുത്തിയിരുന്നു. മറിച്ചായാലും ഇവിടെ ഉടനെ ഒരു തിരഞ്ഞെടുപ്പു നടക്കുന്നില്ല.

കോടതികഠാക്കാരനെന്ന് വിധിവൃക്ഷപുറമേ വേറെ ആരുകിലും ഗ്രഥിച്ചിട്ടുണ്ടായിരുന്നുവെന്നു പറയുവാൻ തക്കവണ്ണമുള്ള തെളിവുകൾ കണ്ടുപിടിക്കുവാൻ കഴിയുന്നില്ലെങ്കിലും 1959-സെപ്തംബർ 25-ാംതീയതി പ്രധാനമന്ത്രിയെ വധിക്കുന്നതിനുള്ള കരുതിക്കൂട്ടിയുള്ള ഗൂഢാലോചനയിൽ അവർ പ്രത്യക്ഷമായോ പരോക്ഷമായോ ഒരു കക്ഷിയ

തൊഴിലാളി

പ്രചാരണം 90
വരിസംഖ്യ 125
ഏജന്റുമാർക്കുള്ള സഹായം 655

1965 മാർച്ച് 21-ാംതീയതി ഞായർ

വിയറ്റ്നാം കുഴപ്പം

....o....

വിയറ്റ്നാം പ്രകടനാൻ ഇടക്കിടെ കുറെയായി. ബോബുകളും പടക്കോപ്പുകളും പൊട്ടാൻ വിങ്ങിയും, കുറെശ്ശെ ചീറിപ്പാഞ്ഞും നില്ക്കുന്ന ആ അന്തരീക്ഷത്തിൽ യഥാർത്ഥസംഘട്ടനം നടക്കുന്നതു് ആശയങ്ങളാം തമ്മിലാണു്, ഫിലോസഫികളും തമ്മിലാണു്. വടക്കൻ വിയറ്റ്നാം, അതായതു് വിയറ്റ്കോങ്ങിന്റെ കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനത്തിലും ദക്ഷിണവിയറ്റ്നാം അമേരിക്കയുടെ സ്വാധീനത്തിലുമാണു്. വിയറ്റ്കോങ്ങിനെ കമ്മ്യൂണിസ്റ്റ് റഷ്യയും കമ്മ്യൂണിസ്റ്റ് ചീനയും അവരുടെ സൗഭാഗ്യപ്പിണക്കങ്ങളും തല്ലുംലഹളയുമെല്ലാം വിസ്മരിച്ചു് കയ്യയച്ചു് സഹായിക്കാനൊരുങ്ങുമ്പോൾ ദക്ഷിണവിയറ്റ്നാമിനെ സഹായിക്കാൻ നിശ്ചയിച്ചിട്ടുള്ളതു് അമേരിക്കയുടെ ആയുധക്കുമ്പാരമാണു്. ഒരോ നിമിഷവും ലോകം ഭയപ്പെട്ടുകൊണ്ടിരിക്കുന്നതു് അവിടെ യുദ്ധം പൊട്ടിപ്പുറപ്പെട്ടേക്കുമൊ എന്നാണു്.

അടുത്ത ദിവസം ഈ പ്രശ്നം സംബന്ധിച്ചു് ബ്രിട്ടീഷ് പ്രധാനമന്ത്രി ഹറോൾഡ്വിൽസനും സോവിയറ്റ് വിദേശകാര്യമന്ത്രി ഗ്രോമിക്കോവും തമ്മിൽ സംഭാഷണം നടക്കുകയുണ്ടായി. പക്ഷെ അതൊരു സ്തംഭനത്തിൽ കലാശിച്ചതായിട്ടാണു് റിപ്പോർട്ടു്. ഇന്തോചീനം യുദ്ധം അവസാനിപ്പിച്ച ജനീവസമ്മേളനത്തിൽ പങ്കുകൊണ്ട കക്ഷികളെന്ന നിലയിൽ വിയറ്റ്നാം പ്രശ്നത്തെ സംബന്ധിക്കുന്ന അവരുടെ അഭിപ്രായം പരസ്യമായി പരിഹരിക്കുവാൻ എങ്ങിനെ കഴിയുമെന്നു് അവർ മുണ്ടികാണിക്കണമെന്നും ബ്രിട്ടൻ നിർദ്ദേശിച്ചു. എന്നാൽ റഷ്യ ആവശ്യപ്പെടുന്നതു് വടക്കൻ വിയറ്റ്നാമിൽ അമേരിക്ക നടത്തുന്ന ആക്രമണം ഉടനെ അവസാനിപ്പിക്കണമെന്നാണു്. തെക്കൻ വിയറ്റ്നാമിൽനിന്നു് അമേരിക്ക അതിന്റെ സേനകളും ആയുധങ്ങളും പിൻവലിക്കണമെന്നും റഷ്യയുടെ നിർദ്ദേശത്തിൽ പെട്ടിട്ടുണ്ടു്. ഈ നിർദ്ദേശങ്ങളോടു് പരസ്പരം യോജിക്കാൻ ഈ രണ്ടു രാഷ്ട്രങ്ങൾക്കു തന്നെ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ അഞ്ചു ദിവസത്തിനുള്ളിൽ അമേരിക്ക വിയറ്റ്കോങ്ങിൽ രണ്ടു പ്രാവശ്യം ബോമ്പാക്രമണം നടത്തുകയുണ്ടായതെ. രണ്ടും അത്ര നിസ്സാരങ്ങളല്ലെന്നാണു് റിപ്പോർട്ടു്. അപ്പോൾ ഇക്കാര്യത്തിൽ നനഞ്ഞു് ഇറങ്ങാൻ തന്നെയാണു് അമേരിക്ക നിശ്ചയിച്ചിട്ടുള്ളതെന്നതിൽ തർക്കമില്ല.

എന്താണമേരിക്കക്കിത്ര പിടിവാശി എന്നു ചോദിക്കുന്നവർ പലരുമുണ്ടു് ഇപ്പോഴും. അതിനൊരു ന്യായീകരണമെയുള്ളൂ. കമ്മ്യൂണിസത്തിന്റെ നഴഞ്ഞുകയറ്റം തടയാൻ ജനാധിപത്യരേണസമ്പ്രദായത്തിന്റെ ഏറ്റവും വലിയ കാവൽഭടനായ അമേരിക്കക്കു് ഇതു യുദ്ധമല്ല, ആയുധസജ്ജീകരണങ്ങളും, നയജ്ഞതയും ഉണ്ടായിട്ടും, യാതൊന്നും സാധിക്കുന്നില്ലല്ലൊ എന്ന നൈരാശ്യം അമേരിക്കയെ നന്നേ ബാധിച്ചിട്ടുണ്ടാകണം. കമ്മ്യൂണിസത്തിന്റെ പ്രധാനശത്രുവെന്ന നിലയിൽ അമേരിക്കയുടെ സൽപ്പേരു് ഏഷ്യയിൽ ഇന്നു വളരെ താണിരിക്കുന്നു. ഇന്തോനേഷ്യയിൽ അമേരിക്കയുടെ സ്ഥാനപതിയുടെ വീടു് ജനക്കൂട്ടം ചുട്ടുകരിച്ചതു് ഈയിടെയാണു്. ഇന്ത്യയിൽ അമേരിക്കയുടെ സ്ഥാനപതിയുടെ വീടിനു് കാവൽ ഏർപ്പെടുത്തിയതു് അതിനുമുമ്പ

ദിവസം 10

ജോൺ മിൽട്ടൻ

ആധുനിക ഗദ്യസാഹിത്യത്തിന്റെയും ലേഖനകലയുടെയും പ്രണേതാവ് ഒരർത്ഥത്തിൽ മിൽട്ടൺതന്നെയാകുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ ലേഖനങ്ങളും അധികാരിവർഗ്ഗത്തെ കിടിലംകൊള്ളിച്ചിരുന്നു.

— കെ. ഡി. പോളി —

മിൽട്ടന്റെ ഉദാത്തമായ കാവ്യകല്പനക്ക് അനുരോധമായി പ്രവർത്തിച്ചിരുന്ന പ്രേരകശക്തി അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യമായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ കവിതകളും മറ്റു സാഹിത്യസൃഷ്ടികളും വിജ്ഞാനത്തിന്റെ ഭണ്ഡാഗാരങ്ങളാകുന്നു. ഒരു സാധാരണകവിക്ക് അദ്ദേഹത്തിന്റെ കാവ്യരചനയിൽ സംഭവിച്ചേക്കാവുന്ന ഒരബദ്ധങ്ങളിൽനിന്നും അദ്ദേഹം വിദഗ്ദ്ധനായിരുന്നു. തനുമൂലം അദ്ദേഹത്തിന്റെ ബുദ്ധിജീവികളുടെ കവിയെന്ന നിലയിൽ അദ്ദേഹം ഉന്നതസ്ഥാനം അലങ്കരിക്കുന്നു. ഈ വിഷയത്തെപ്പറ്റി ഡോക്ടർ ടില്യാർഡ് എഴുതിയിട്ടുള്ള ഒരു ഗ്രന്ഥം ഈ കവിയുടെ കവിതകളുടെ ഉത്കൃഷ്ടതയെ പ്രകാശിപ്പിക്കുന്നു. ഈ കവിയുടെ ഉത്കൃഷ്ടതയെ ഇത്രയധികം പ്രകാശിപ്പിച്ച മറ്റൊരു ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല. ഈ കവിയുടെ കവിതകളിൽ ഉപയോഗിച്ചിട്ടുള്ള ഭാഷയുടെ ഉത്കൃഷ്ടതയെപ്പറ്റി ഡോക്ടർ ടില്യാർഡ് പ്രതിപാദിച്ചിട്ടുണ്ട്

മദ്യനിരോധനയം ഇന്ത്യയിലെ ടൂറിസത്തെ പരാജയപ്പെടുത്തുന്നു

ആസ്ട്രേലിയക്കാർ കേരളത്തിലേയ്ക്ക് കൂടുതൽ വരാൻ സാധ്യത

എറണാകുളം, മാച്ച് 20

നമ്മുടെ മദ്യനിരോധനയം വിദേശസഞ്ചാരികളെ ഇങ്ങോട്ടാകർഷിക്കുന്നതിനു വിലങ്ങുതടിയായിനിൽക്കുകയാണെന്നു 'എയർ ഇന്ത്യ' യുടെ ക്ഷണമനുസരിച്ച് ആസ്ട്രേലിയായിലും ഫിജി ദ്വീപിലും പര്യടനം നടത്തിയശേഷം ഇവിടെ മടങ്ങിയെത്തിയ ജയ്ഹിന്ദ് ടാവൽസ് മാനേജർ ജോജ്ജ് വി. തോമസ് പ്രസ്താവിച്ചിരിക്കുന്നു.

ആസ്ട്രേലിയയിൽനിന്നും വൻസംഖ്യാ സഞ്ചാരികളെ ഇന്ത്യയിലേയ്ക്കാകർഷിക്കാൻ വിപുലമായ സൗകര്യങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ആസ്ട്രേലിയയിൽനിന്ന് മദിരാശിവഴി എയർ ഇന്ത്യ ഇപ്പോൾ ഒരു സർവ്വീസ് നടത്തുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതുവഴിയും ഒക്ടോബർ മുതൽ രണ്ടാമതൊരു സർവ്വീസ് കൂടെ തുടങ്ങിക്കുകയാണ്. മദിരാശിവഴി ഇങ്ങനെ യൂറോപ്പിലേക്കും ഇംഗ്ലണ്ടിലേക്കും പോകുന്ന ആസ്ട്രേലിയക്കാർക്ക് മദിരാശിയിൽ ഇറങ്ങി കേരളമുൾപ്പടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സഞ്ചാരകേന്ദ്രങ്ങളും സന്ദർശിക്കാവുന്നതാണ്. അങ്ങനെയുള്ളവരിലധികം ദക്ഷിണേന്ത്യയിൽ തങ്ങിയശേഷം മാത്രം യൂറോപ്പിലേക്കും ഇംഗ്ലണ്ടിലേക്കും തിരിച്ചാൽ മതിയാകും. ഇതിന് സഞ്ചാരികളെ പ്രേരിപ്പിക്കുംവിധം സമഗ്രമായ പരസ്യങ്ങൾ നൽകണമെന്നും ശ്രീ ജോജ്ജ് വി തോമസ് ഒരു പത്രസമ്മേളനത്തിൽ നിർദ്ദേശിച്ചു.

കേരളത്തിൽ കൊച്ചിക്കായലും കേരവൃക്ഷങ്ങൾക്കിടയിലൂടെയുള്ള തോടുകളും പെരിയാർ തടാകവും, തേക്കടി വന്യമൃഗസങ്കേതവും, കോവളത്തെ കടൽപ്പാവുമാണ് ആസ്ട്രേലിയൻ സഞ്ചാരികൾക്ക് കൂടുതൽ താല്പര്യജനകമായി തോന്നുന്നത്. ഇവ വർഷം തുടും ഇവിടെ വന്ന ഓവൽ ക്രിക്കറ്റർമാരിലും വിമാനസർവ്വീസ് പ്രതിനിധികളിലും പലർക്കും അഭിപ്രായമുണ്ടായിരുന്നു.

കൊച്ചിക്കായലിലെ ചേറ്റുമുണ്ടയും കോവളവും തേക്കടിയും വളരെ പ്രിയംകരമായിത്തീരുന്നു

കൊച്ചിക്കായലിലെ ചേറ്റുമുണ്ടയും കോവളവും തേക്കടിയും വളരെ പ്രിയംകരമായിത്തീരുന്നു. ഇനിയും കൂടുതൽ ആസ്ട്രേലിയക്കാരും ന്യൂസിലണ്ടുകാരും കേരളത്തിൽ എത്തുമെന്ന് അദ്ദേഹത്തിന്നാശിപ്പുണ്ട്. ഇതിന് തക്ക സൗകര്യങ്ങളും ഇവിടെയുണ്ടാക്കണമെന്നും ശ്രീ ജോജ്ജ് തോമസ് ആവശ്യപ്പെട്ടു.

തേക്കടിയിലും കോവളത്തും ഇപ്പോഴുള്ള താമസസൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കൊച്ചിയിലും, തേക്കടിയിലും, കോവളത്തും ഹൈക്കണ്ടീഷണർ മുറികളുടെ ഒന്നാംതരം ഹോട്ടലുകൾ വേണം. കൽത്തീരത്തു ആധുനിക സൗകര്യങ്ങളുള്ള കൊച്ചുവീടുകളും നിർമ്മിക്കണം. സഞ്ചാരികൾക്കു യാത്രചെയ്യുന്നതിന് നല്ല കാറുകളും, കോച്ചുകളും ഏർപ്പാടുചെയ്തുകൊടുക്കുകയും വേണം. ഇവയ്ക്കെന്നതും സഞ്ചാരികൾക്ക് വിനോദസൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. ഒരുവർഷത്തിൽ രണ്ടുമാസമെങ്കിലും ഇവിടെ മഴയുണ്ടാകുമെന്നതിനാൽ അതിനുവേണ്ട ഏർപ്പാടുകളും ചെയ്യണമെന്നും ശ്രീ ജോജ്ജ് വി തോമസ് ഒരു പത്രസമ്മേളനത്തിൽ നിർദ്ദേശിച്ചു.

കേരളത്തിൽ കൊച്ചിക്കായലും കേരവൃക്ഷങ്ങൾക്കിടയിലൂടെയുള്ള തോടുകളും പെരിയാർ തടാകവും, തേക്കടി വന്യമൃഗസങ്കേതവും, കോവളത്തെ കടൽപ്പാവുമാണ് ആസ്ട്രേലിയൻ സഞ്ചാരികൾക്ക് കൂടുതൽ താല്പര്യജനകമായി തോന്നുന്നത്. ഇവ വർഷം തുടും ഇവിടെ വന്ന ഓവൽ ക്രിക്കറ്റർമാരിലും വിമാനസർവ്വീസ് പ്രതിനിധികളിലും പലർക്കും അഭിപ്രായമുണ്ടായിരുന്നു.

ഭീഷണി നേരിടാനുള്ള തയ്യാറെടുപ്പ്

[5-ാംപേജിൽ നിന്ന് തുടർച്ച]

നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. യുദ്ധകാലത്തെയും സമാധാനകാലത്തെയും സ്റ്റോക്ക് സാമഗ്രികളുടെ ഉപയോഗത്തിനിടയിൽ അനുപാതം പരമാവധി 60:1 ആയി കണക്കാക്കപ്പെടുന്നു. മറ്റുള്ളവരെ സംഭരിക്കാം എത്തിച്ചുകൊടുക്കുന്നതിനു ഏതു പ്രകാലത്തിനുള്ളിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു അടിസ്ഥാനം ആവശ്യമാണ്.

പ്രതിരോധാവശ്യങ്ങൾ നിറവേറുന്നതിന് മതിയും സുരക്ഷിതവുമായ ഉല്പാദനാടിസ്ഥാനം കെട്ടിപ്പടുക്കുന്നതിനു സ്വീകരിച്ചിട്ടുള്ള വിശദമായ നയപരിപാടികളും റിപ്പോർട്ടിൽ കൊടുത്തിരിക്കുന്നു.

രാജ്യരക്ഷാസ്ഥാപനങ്ങളിലെ ഉല്പാദനം 1964-65ൽ പരമാവധി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നുവെങ്കിലും ഇതിനു കാരണം എപ്പോൾ തലങ്ങളിലെയും മനുഷ്യപ്രയത്നമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ആധുനിക ഉപകരണങ്ങൾ സംവിധാനം ചെയ്യുന്നതിനും ഉല്പാദിപ്പിക്കുന്നതിനും രാജ്യത്തിനകത്തെയുള്ള കഴിവും ശ്രേഷ്ഠിയും വികസിപ്പിച്ചെടുക്കേണ്ടതിനു റിപ്പോർട്ട് പരമപ്രാധാന്യം കല്പിക്കുന്നു. രാജ്യരക്ഷാഗവേഷണവും ഉത്പാദനവും തമ്മിൽ ഉറ്റ സഹകരണവും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിട്ടുണ്ട്.

ഓർഡ്നൻസ് ഫാക്ടറികൾ നവീകരിക്കൽ

നിലവിലുള്ള ഓർഡ്നൻസ് ഫാക്ടറികളും 33 02 കോടി രൂ. മുടക്കുമുതലുള്ള നവീകരിക്കുന്നതിനുള്ള ഒരു പഞ്ചവത്സരപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതു തുകയിൽ 15 20 കോടി രൂ. വിദേശനാണ്യമായി വേണ്ടിവരും. ഈ പദ്ധതിയ്ക്ക് വേണ്ടി മുൻഗണന നൽകിയിരിക്കുന്ന ഇരുമ്പുത്തര രണ്ടു വർഷങ്ങളിലെവശ്യമുള്ള യന്ത്രസാമഗ്രികൾക്ക് ഏർപ്പാടുചെയ്തിട്ടുണ്ട്.

ഓർഡ്നൻസ് ഫാക്ടറികളിലെ ഉൽപ്പാദനം 1962-63ൽ 63 90 കോടി രൂപയിരുന്നത് 1963 64ൽ 111 37 കോടി രൂ. ക്കായിത്തീർന്നു 1964-65 ലേത് ഇതിലുമധികമായിരിക്കുമെന്ത കരുതുന്നു. സിവിലിയൻ ആവശ്യങ്ങളെ മുൻനിറുത്തി ഓർഡ്നൻസ് ഫാക്ടറികൾ 1960 61ൽ 7 50 കോടി രൂ. യ്ക്കുള്ള പണി നടത്തിയെങ്കിൽ, 1963-64ൽ 2 70 കോടി രൂ. യ്ക്കായി ചുരുങ്ങി. 1963-64ലെ ഇടുകയിൽ ഒരു കോടിയിൽപരം രൂപയ്ക്കു അതിത്തി റോഡു സംബന്ധമായുള്ള പണികളുടേതാണ്. 1964-65ലും സിവിലിയൻ പണികളുടെ തുക കഠിനമായിട്ടുണ്ട്.

1964-65ൽ പലതരം ആയുധങ്ങളിലേയും വെടിക്കോപ്പുകളിലേയും നിർമ്മാണം ആരംഭിച്ചു. ഒരു ഇനം മാങ്കുണ്ട്, ഒരു ഇരുത്തരം പീരങ്കി, മ്യോമവേധമായുധങ്ങൾ വേണ്ടിയുള്ള 30 എം. എം. ഓട്ടോമാറ്റിക്കോപ്പ്, പടുത്തപ്രദേശത്തുപയോഗിക്കാൻ കഴിയുന്ന ഒരു തോക്ക് എന്നിവ ഇവ പുതിയ ഇനങ്ങളിൽപെടുന്നു.

കഴിഞ്ഞ വർഷം നിർമ്മിക്കാൻ തുടങ്ങിയ മറ്റു പല ഇനങ്ങളിലേയും ഉൽപ്പാദനം പല ഇരട്ടിയായിട്ടുണ്ട്.

മറ്റു പല ഇനം ഓട്ടോക്കോപ്പുകളും ഡിഫറൻസൻ ചെയ്യുന്ന ഉൽപ്പാദനമാണ്. ഇതിനു ജോലിയിലും പുരോഗതി ഉണ്ടായി. വിദേശങ്ങളിൽ ഉപയോഗിച്ചുപോന്ന ഇനങ്ങളുടെ മാതൃകയിലാണ് ഇവയിൽ പലതും നിർമ്മിക്കുന്നതെങ്കിലും ഇന്ത്യയിൽ ഉദ്പാദനമായി തുടങ്ങിയിട്ടുണ്ട്. ഇതിനുവേണ്ട സഹായങ്ങൾ നൽകുന്നതിനായി ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ഇൻസ്റ്റിറ്റ്യൂഷൻ ഇതുവരെ 506 കരുക്കിടകളായി ബന്ധപ്പെടുത്തുകയും 152 കരുക്കിടകൾക്ക് സാങ്കേതികോപദേശം നൽകുകയും ചെയ്തു. പുതിയ വ്യവസായങ്ങളെ തുടങ്ങാവശ്യമായ വിവരങ്ങൾ 110 കരുക്കിടകൾക്ക് കൊടുത്തു.

ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ച് വിക്ഷോപ്പ് വരുന്നതിനായി ഫെബ്രുവരിയിൽ 80 പ്രൊഫഷനലുകളെ നിയമിക്കുകയും 95 പേർക്ക് യന്ത്രങ്ങളുടെ ഉപയോഗത്തിൽ പരിശീലനം നൽകുകയുംചെയ്തു.

....o....

ഐ. രാഷ്ട്രസേനയുടെ കാലാവധി നീട്ടി

(എ എഫ് പി)

ന്യൂഡൽഹി, മാ 20

അടുത്ത മൂന്ന് മാസത്തേക്ക് കൂടി ഐക്യരാഷ്ട്രസഭയുടെ സമാധാനസേനയെ നിലനിറുത്തുന്നതിനു ഐക്യരാഷ്ട്രസഭാസമിതി ഏകകണ്ഠമായ തീരുമാനമെടുത്തിരിക്കുന്നു.

ഐക്യരാഷ്ട്രസഭ വ്യക്തമാക്കിയതുപോലെ ഇന്നലെ അർദ്ധരാത്രിയോടുകൂടി സേനയുടെ കാലാവധി അവസാനിക്കുന്നതായിരുന്നു.

പുതിയ പുസ്തകങ്ങളുടെ ചിത്രപ്രദർശനത്തിനു മൊത്തം രണ്ടോ മൂന്നോ ദിവസം മാത്രം ഉപയോഗിക്കുന്ന ഒരു ഹാൾ വാടകയ്ക്കു കൊടുക്കുന്നതിനു ഒരു ഏജൻസി ഏർപ്പാടുചെയ്തിട്ടുണ്ട്. ഹാളിന്റെ വാടക ഒരു ദിവസത്തേക്ക് 100 രൂപയാണ്.

....o....

കയറുമതി വ്യാപാരികളെ സഹായിക്കാൻ

കേരളത്തിലൊരു കോപ്പറേഷൻ ഏർപ്പെടുത്തും

എറണാകുളം, മാച്ച് 20

കയറുമതി വ്യാപാരികളും ചെറുകിടയും ഇടത്തരവും വ്യവസായികളും അടങ്ങിയ ഒരു കയറുമതി കോപ്പറേഷൻ കേരളത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്. ചെറുകിട വ്യവസായ സഹായ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടാണ് ഇതിന് മുൻകൈ എടുത്തിട്ടുള്ളത്. കോപ്പറേഷൻ രൂപവൽക്കരണം സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

നിർദ്ദിഷ്ടമായ കോപ്പറേഷൻ പ്രവർത്തികമായി കയറുമതി വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശേഷി സമാഹരിച്ച് ഒരു സ്ഥാപനം സൃഷ്ടിക്കാനും ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകി കയറുമതി പ്രവർത്തനത്തെ സഹായിക്കാനും ഉദ്ദേശമുള്ള പ്രതീക്ഷിക്കുന്നു.

ചെറുകിട വ്യവസായ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ബ്രൂവരിയിൽ 15 ഘടകങ്ങളെ കയറുമതി വികസനത്തിന് സഹായിക്കുകയുണ്ടായി. ചെറുകിട വ്യവസായങ്ങൾക്ക് കയറുമതിസഹായം നൽകാനുള്ള പദ്ധതിയിൽ പങ്കെടുക്കാൻ നാല് ഘടകങ്ങളെ സ്വീകരിച്ചു.

ഇൻസ്റ്റിറ്റ്യൂട്ടും അനുബന്ധിച്ചുള്ള വിപുലീകരണപദ്ധതികളും റിപ്പോർട്ടുകാലത്തു 506 കക്ഷികളിലായി ബന്ധപ്പെടുത്തുകയും 152 കക്ഷികൾക്ക് സാങ്കേതികോപദേശം നൽകുകയും ചെയ്തു. പുതിയ വ്യവസായങ്ങളെ തുടങ്ങാവശ്യമായ വിവരങ്ങൾ 110 കക്ഷികൾക്ക് കൊടുത്തു.

ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ച് വിക്ഷോപ്പ് വരുന്നതിനായി ഫെബ്രുവരിയിൽ 80 പ്രൊഫഷനലുകളെ നിയമിക്കുകയും 95 പേർക്ക് യന്ത്രങ്ങളുടെ ഉപയോഗത്തിൽ പരിശീലനം നൽകുകയുംചെയ്തു.

....o....

കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിൽ

കൊല്ലം, മാച്ച് 18

കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലായിരിക്കുന്നതായി കശുവണ്ടി വ്യവസായികളുടെ അഖിലേന്ത്യാ ശാസ്ത്രീയ സമ്മേളനത്തിൽ അഭിപ്രായമുണ്ടായി. കശുവണ്ടി വ്യവസായത്തിന്റെ ഭാവിയെപ്പറ്റി ചർച്ചചെയ്യുന്നതിനായി കൊല്ലത്തു കൂടിയ സമ്മേളനത്തിൽ കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള നൂറുകണക്കിനു പ്രതിനിധികൾ പങ്കെടുത്തു.

കശുവണ്ടി വ്യവസായത്തിന്റെ ഭാവിയെപ്പറ്റി ചർച്ചചെയ്യുന്നതിനായി കൊല്ലത്തു കൂടിയ സമ്മേളനത്തിൽ കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള നൂറുകണക്കിനു പ്രതിനിധികൾ പങ്കെടുത്തു.

ഭാഷാസാഹിത്യ ഗ്രന്ഥപുരസ്കാരം

എപ്രിൽ 30 വരെ അപേക്ഷകൾ സ്വീകരിക്കുന്നു

ന്യൂഡൽഹി, മാച്ച് 19

ബാലസാഹിത്യത്തിനുള്ള 11-മത്തെ സരസ്വതിസമ്മാൻ കേന്ദ്ര വിദ്യാഭ്യാസമന്ത്രി എം.സി.സി. അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. എപ്രിൽ 30 വരെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും.

പ്രസിദ്ധീകരിച്ച് 5 വർഷത്തിനുള്ളിൽ ഹിന്ദിയിലോ ഇംഗ്ലീഷിലോ ഉള്ള കൃതികളാണ് പരിഗണിക്കുന്നത്. ഇന്ത്യൻ ഭാഷകളിലെ കൃതികൾ ഇംഗ്ലീഷിലേക്കോ ഹിന്ദിയിലേക്കോ തർജ്ജമ ചെയ്തിട്ടുണ്ടെങ്കിൽ അതും പരിഗണിക്കുന്നതാണ്.

ഹിന്ദി, സിന്ധി, ഉറുദു എന്നീ ഭാഷകളിലെ പുസ്തകങ്ങൾ അസിസ്റ്റൻറ് എഡ്യൂക്കേഷണൽ അഡൈവസർ (ഗവണ്മെന്റ് ഓഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ, സെക്ഷൻ ഡി, എസ്. ഇ-3, ന്യൂഡൽഹി) അയച്ചുകൊടുക്കേണ്ടതാണ്. മറ്റു ഭാഷകളിലെ പുസ്തകങ്ങൾ ബന്ധപ്പെട്ട സംസ്ഥാന ഗവണ്മെന്റിലെ വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

നാല് പാക് നഴ്സുകൾ കയറാക്കാർക്കൊല്ലപ്പെട്ടു

ജമ്മു, മാച്ച് 19

ഇൻഡ്യൻ അതിർത്തി കടക്കാൻ ശ്രമിച്ചതിനെത്തുടർന്ന് നാല് പാക് സായുധനഴ്സുകളെ കയറാക്കാർ കൊല്ലപ്പെടുകയും 9 പേർക്ക് പരിക്കേല്പിക്കുകയും ചെയ്തിരിക്കുന്നു. ഇവർ ആകെ 50 പേരുണ്ടായിരുന്നു. ഇന്ത്യൻ പക്ഷത്തുള്ള ജീവഹാനിയൊന്നും ഉണ്ടായില്ല.

നായ്ത്തനായി

പുതുക്കോട്ട, മാച്ച് 18

ഇവിടത്തെ ഒരു പുരാതനശൈവക്ഷേത്രം വേണ്ടത്ര അറ്റകുറ്റപ്പണികൾ നടത്താതെ നശിച്ചുപോകുന്നതിനെപ്പറ്റി ഗവർണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഗവർണ്മെന്റ് ഈ ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി 64-ാമത്തെയസ്സിൽ സ്വപ്നസ്ഥിതിയായ ശ്രീനിലയത്തിൽവച്ചു നിര്യാതനായിരിക്കുന്നു. പരേതനു 5 പുത്രന്മാരാണുള്ളത്.

അമ്പട കൊച്ചുകള്ളാ!

കോട്ടയം, മാ 18

എറണാകുളത്തുനിന്നും ഇവിടെയെത്തിയ യാത്രയിൽ വച്ച് ചെങ്ങന്നൂർ സ്വദേശിയായ ശോശാമ്മ എന്ന സ്ത്രീയുടെ പേഴ്സ് അപഹരിച്ച 15 വയസ്സ് പ്രായമുള്ള അവിവാഹിതൻ എന്നാരോപിക്കപ്പെടുന്ന ബാലനെ കോട്ടയത്തുവച്ചു പോലീസ് പിടികൂടിയിരിക്കുന്നു.

കൊല്ലം സ്വദേശിയായ ഈ ബാലൻ എറണാകുളത്തുനിന്നും വളരെ തന്ത്രത്തിൽ ശോശാമ്മയുടെ സമീപം ഇരുപ്പുറപ്പിക്കുകയും തടർന്നു നിസ്സഹായാവസ്ഥ പ്രകടിപ്പിക്കുകയും ചെയ്തു നിസ്സഹായയായി കാണപ്പെട്ട ഈ ബാലനെ ശോശാമ്മ വിശ്വാസിക്കുകയും തന്റെ വീട്ടിൽ വേലക്കാരനായി കൊണ്ടുപോകാമെന്നു പറയുകയും ചെയ്തു. ഇങ്ങനെ തഞ്ചത്തിലിടത്തു ബാലൻ കയ്യിൽ കിട്ടിയത്തക്കത്തിനുപയോഗിച്ചു ശോശാമ്മയുടെ പേഴ്സുമായി കടന്നുകളഞ്ഞു. കൈയ്യിൽനിന്നും തിരിച്ചുകിട്ടിയ ശോശാമ്മ ബാലനെ തിരിക്കിയിറക്കിയപ്പോൾ പേഴ്സ് നഷ്ടപ്പെട്ടതായി കാണുകയും ചെയ്തതിനെ തുടർന്നു പോലീസ് നടത്തിയ അന്വേഷണഫലമായി പ്രസ്തുത ബാലനെ ടൗൺസ്റ്റേഷനിൽവച്ച് പിടികൂടി അറസ്റ്റുചെയ്തു. പേഴ്സിലുണ്ടായിരുന്ന 81 രൂപാ ഉടമയ്തിരുന്നതായി പറയുന്നു. അതിൽ 11 രൂപാകൊണ്ട് അവൻ രണ്ടുപേരിപ്പ വാങ്ങി. തെരിവേ സ്റ്റേഷനിൽ കൊണ്ടുപോകുന്നതിനിടയിൽ പ്രസ്തുത ബാലൻ രക്ഷപ്പെടുവാൻ ശ്രമിച്ചതായും പോലീസ് പിടിച്ചുകൊണ്ടുവന്നതായും പറയപ്പെടുന്നു. (സ.പ.)

6 പൈസയ്ക്ക് ഒരുകുടം വെള്ളം

വെല്ലൂർ, മാ. 18

ഉത്തരാർക്കാട് ജില്ലയിലെ വ്യവസായകേന്ദ്രമായ ആമ്പൂരിൽ ഒരു കുടം വെള്ളം ലഭിക്കണമെങ്കിൽ മുന്നു പൈസ മുതൽ ആറു പൈസവരെ വില കൊടുക്കേണ്ടിവന്നിരിക്കുന്നു.

ശുദ്ധജല വിതരണത്തിനുള്ള യാതൊരു സജ്ജീകരണവും ഇവിടെ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ല. അതിനുപകരം ആറേഴു സ്ഥലങ്ങളിൽ കിണറുകൾ കഴിക്കുകയാണവർ ചെയ്തത്. ഈ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായിക്കിടക്കുന്നതിനാൽ ഇവ പട്ടണത്തിലെ ജനസംഖ്യ അനുസരിച്ചായിരുമെന്ന് അധികൃതർ നിർദ്ദേശിച്ചിരിക്കുന്നു. ഇവ പട്ടണത്തിലെ ജനസംഖ്യ അനുസരിച്ചായിരുമെന്ന് ഇന്നത്തെ നിലയ്ക്കു തുടർന്നാൽ തങ്ങളുടെ സ്ഥിതി എന്താകുമെന്നോർത്ത് സാധാരണജനങ്ങളും സംഭ്രാന്തരായിക്കഴിയുകയാണ്.

[പ്ര. ലേ.]

പോലീസ് ചൂൽപ്രയോഗം നടത്തി

ഹോളി ആഘോഷത്തോടനുബന്ധിച്ച് സംഘർഷം

ചണ്ഡീഗഢ്, (ഫ്രീ പ്രസ്) മാ. 20

പ്രകടനക്കാരുടെയും സമ്മേളനക്കാരുടെയും മേലുള്ള നിരോധനം ലംഘിച്ച ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസ് ചൂൽപ്രയോഗംനടത്തി. കണ്ണീർവാതകവും പ്രയോഗിക്കപ്പെടുകയുണ്ടായി.

8 പോലീസുകാരടക്കം 53 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 45 പേരെ പോലീസ് കസ്റ്റഡിയിൽ എടുത്തു നേരത്തെ ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ കരാറിൽ രാജ്യരക്ഷാസമിതിയുടെ തീരുമാനമനുസരിച്ച് പോലീസ് അസ്സ്റ്റന്റ് സൂപ്രണ്ടുമാർക്കും ഡപ്യൂട്ടി സൂപ്രണ്ടുമാർക്കും ഇപ്പോൾ നൽകിവരുന്ന ശമ്പളത്തിനു പുറമെ പ്രതിമാസം 100 രൂപാ വീതം അലവൻസ് നൽകുവാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനം നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുമെന്നും അറിയുന്നു.

കേരളത്തിലെ തിരഞ്ഞെടുപ്പിന് 2 കോടി രൂ.

തിരുവനന്തപുരം, മാ 19

കേരളത്തിൽ ഒരു പൊതുതിരഞ്ഞെടുപ്പിനും ഗവണ്മെന്റിനും രാഷ്ട്രീയകക്ഷി സ്ഥാനാർത്ഥികൾക്കുമല്ലാമായി ഉണ്ടാകുന്ന മൊത്തം ചിലവ് 2 കോടി രൂപാ വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഗവൺമെന്റിനു മാത്രമായി ഒരു അസംബ്ലി തിരഞ്ഞെടുപ്പിൽ 30 ലക്ഷം രൂപാ ചിലവുവരുന്നുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇത്തവണത്തെ തിരഞ്ഞെടുപ്പിനു 36 സീറ്റിനുവേണ്ടി ഏതാണ്ട് 50 ലക്ഷം രൂപാ ഏ. ഐ. സി. സി. വകയായി ചിലവാക്കിയതായി കണക്കിലുണ്ടെന്നാണ് റിപ്പോർട്ട്. ഇതിനു പുറമെയാണ് സ്ഥാനാർത്ഥികൾ കീശപ്പുറം വീറും, കടം വാങ്ങിയും ചെയ്യുന്ന ചിലവുകൾ.

ഭൂരിപക്ഷം ഗവ: അദ്ധ്യാപകരുംസമരത്തിനനുകൂലം

പക്ഷേ ഇപ്പോൾ സമരം നടത്തുന്നില്ലെന്നുമാത്രം

തിരുവനന്തപുരം, മാച്ച് 19

ഗവ: ഹൈസ്കൂൾ അദ്ധ്യാപകരുടെ ഒരു വശ്യങ്ങൾ നേടിയെടുക്കുന്നതിനു പണിമുടക്ക് ഉൾപ്പെടെയുള്ള പ്രത്യക്ഷസമരപരിപാടികൾ ആവശ്യമായി വന്നിരിക്കുന്നു എന്നുള്ള അഭിപ്രായം ഭൂരിപക്ഷത്തിനുമുണ്ടെങ്കിലും ഇപ്പോൾ സമരം നടത്തുന്നില്ലെന്നുമാത്രമാണ് ഇന്നലെ ചേർന്ന ഗവ: ഹൈസ്കൂൾ അദ്ധ്യാപകരുടെ പൊതുയോഗത്തിന്റെ തീരുമാനം.

ഗവ: ഹൈസ്കൂൾ അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ പുതുക്കുക, ഡി. എ. ഉയർത്തുക, ഡി. എ. അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കുക, ഗവ: ഹൈസ്കൂൾ അദ്ധ്യാപകർക്ക് പ്രൊവിഡന്റ് ഫണ്ട് ഏർപ്പെടുത്തുക, ഗവ: ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുക, ഗവ: ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഗവ: കോളേജ് അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ

തൊഴിലാളി- TRICHUR, 21-3-1965 സൺഡേ സപ്ലിമെന്റ്

ഇവരെ പരിചയമുണ്ടോ?

സമസ്ത കേരള സാഹിത്യപരിഷത്തുമായി ശ്രീ ചുമ്മാറിനു ദീർഘകാലത്തെ ബന്ധമുണ്ട്

ടി. എം. ചുമ്മാർ

ആറുകൊല്ലംമുൻപ് ശ്രീചുമ്മാർ തന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കുകയുണ്ടായി. അടുത്തകൊല്ലം സാഹിത്യസേവനത്തിന്റെ കനകജൂബിലി ആഘോഷിക്കാമെന്നു തോന്നുന്നു. 17–ാമത്തെ വയസ്സുമുതൽ കൈരളീസേവനത്തിൽ വ്യാപൃതനായിരിക്കുകയാണദ്ദേഹം

— എം. ഒ. ജോസഫ് നെടുങ്കനം —

സ്വാധികാര്യക്കാർ പി. ശേഖരമേനോൻ തന്റെ കാര്യസ്ഥനായിരുന്ന കുഞ്ഞുവീട്ടിൽ പരമേശ്വരൻ നായരുടെ മകനെ ഒരു ദിവസം തന്റെ മുമ്പിൽ കൊണ്ടുവന്നു നിറുത്തി. ആ കുട്ടിയുടെ കൈയിൽ ഒരു പുസ്തകമുണ്ടായിരുന്നു. അതു വാങ്ങി മറിച്ചുനോക്കിയിട്ട് അദ്ദേഹം പറഞ്ഞു: "ഇവൻ നന്നായി പഠിക്കുന്നുണ്ടല്ലോ. ഇവനെ ഞാൻ സ്കൂളിൽ ചേർത്തുകൊള്ളാം. ഇവന്റെ ചെലവിനുള്ള പണം ഞാൻ തരുന്നതാണ്." അങ്ങനെ ആ കുട്ടി ശേഖരമേനോന്റെ സ്വന്തം ചെലവിൽ വിദ്യാഭ്യാസം ചെയ്തു. ആ കുട്ടിയാണ് ഇന്നത്തെ ശ്രീ ടി. എം. ചുമ്മാർ.

ശ്രീ ചുമ്മാർ എഴുതിയ ശ്രദ്ധേയമായ ഒരു പഠനത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: (1957–ലെ തിരഞ്ഞെടുപ്പിനുമുമ്പു] 'സാധാരണയായുണ്ടാകാറുള്ളതിൽ കവിഞ്ഞ തിരക്കിലാണു ഞാൻ. ദീർഘകാലമായി കഴിഞ്ഞുവന്ന ഒരു പരിതസ്ഥിതിയെന്നു സ്റ്റാൻഡ് കഴിഞ്ഞുകൊള്ളത്തക്ക തിരഞ്ഞെടുപ്പു ചില പരിവർത്തനങ്ങളും സംഭവിച്ചതു കൊണ്ടാണ് ഈ ഒരു വർഷത്തിനുള്ളിൽ കെ.പി.സി.സി. എല്ലാ നിവേദകസമിതി യോഗങ്ങളിലും മിക്ക അംഗങ്ങളും ഉത്സാഹപൂർവ്വം വന്നു സജീവമായി പങ്കെടുക്കുക സാധാരണയായിത്തീർന്നിട്ടുണ്ട്. ചില ക്കു അസൂഖമുണ്ടാക്കിക്കൊണ്ടാണു കിലും മരിക്കൽ എല്ലാവർക്കുമായി താനിരി ക്കുപ്പെട്ട ഈ കവാടം ഇനിയെങ്കിലും കെട്ടിയടച്ചുകളയാതിരിക്കണമെന്ന അഭ്യർത്ഥന അപേക്ഷിക്കുന്നു. ഭരണസ്ഥാനത്തു നിന്നുപോയതിനുശേഷം ഈ വിശാലമായ പ്രവർത്തനരംഗത്തിലേക്കു തിരിച്ചുവരുന്നതിൽ എനിക്കുള്ള ആഹ്ലാദം ഞാൻ എങ്ങനെ പ്രകടിപ്പിക്കട്ടെ, ക്ഷമാപണപൂർവ്വം ഈ അഭ്യർത്ഥന നടത്തുന്നു.' അവസരത്തിൽ പ്രസ്തുതയോഗമാണ്.' (ദീപിക, 1959 ഫെബ്രുവരി 25)

പക്ഷാധിപത്യം ഏറ്റെടുക്കുന്നതിനു മുമ്പു ശ്രീ ചുമ്മാർ എഴുതിയ ശ്രദ്ധേയമായ ഒരു പക്ഷാധിപക്കുറിപ്പിൽ ഇങ്ങനെ പറഞ്ഞിരുന്നു: (1957–ലെ തിരഞ്ഞെടുപ്പിനുമുമ്പു] 'സാധാരണയായുണ്ടാകാറുള്ളതിൽ കവിഞ്ഞ തിരക്കിലാണു ഞാൻ. പലപ്പോഴും അതിയായ ഉത്സാഹത്തോടെ ഏറ്റെടുത്തിരുന്ന ഒരു ദീർഘകാലമായി കഴിഞ്ഞുവന്ന ഒരു പരിതസ്ഥിതിയെന്നു സ്റ്റാൻഡ് കഴിഞ്ഞുകൊള്ളത്തക്ക തിരഞ്ഞെടുപ്പു ചില പരിവർത്തനങ്ങളും സംഭവിച്ചതു കൊണ്ടാണ് ഈ ഒരു വർഷത്തിനുള്ളിൽ കെ.പി.സി. എല്ലാ നിവേദകസമിതി യോഗങ്ങളിലും മിക്ക അംഗങ്ങളും ഉത്സാഹപൂർവ്വം വന്നു സജീവമായി പങ്കെടുക്കുക സാധാരണയായിത്തീർന്നിട്ടുണ്ട്. ചില ക്കു അസൂഖമുണ്ടാക്കിക്കൊണ്ടാണു കിലും മരിക്കൽ എല്ലാവർക്കുമായി താനിരി ക്കുപ്പെട്ട ഈ കവാടം ഇനിയെങ്കിലും കെട്ടിയടച്ചുകളയാതിരിക്കണമെന്ന അഭ്യർത്ഥന അപേക്ഷിക്കുന്നു. ഭരണസ്ഥാനത്തു നിന്നുപോയതിനുശേഷം ഈ വിശാലമായ പ്രവർത്തനരംഗത്തിലേക്കു തിരിച്ചുവരുന്നതിൽ എനിക്കുള്ള ആഹ്ലാദം ഞാൻ എങ്ങനെ പ്രകടിപ്പിക്കട്ടെ, ക്ഷമാപണപൂർവ്വം ഈ അഭ്യർത്ഥന നടത്തുന്നു. അവസരത്തിൽ പ്രസ്തുതയോഗമാണ്.'

അവശബുദ്ധല്ല

ആരംഭം മുതലുള്ള പരിഷത്തിന്റെ പരിണാമം നല്ലപോലെ അറിയാവുന്ന, ദീർഘകാലം അതിന്റെ കമ്മിറ്റിയിൽ അംഗമായിരുന്ന, സാന്ദർഭികനും സമാധാനപ്രിയനുമായി ശ്രീ. ചുമ്മാർ ഇങ്ങനെ പഠനം നടത്തുകയുണ്ടായി: 'ഇന്നോ കാരണമുണ്ടായിരുന്നിരിക്കണമല്ലോ. പക്ഷേ ഇതാരുടെ അബദ്ധമാണെന്ന് ശ്രീ. ഏ സി ഹരിശർമ്മ മാത്രമല്ല ആ പ്രതിഭയിൽ എഴുതുകയുണ്ടായി. പരിഷത്തിന്റെ കവാടം എല്ലാവർക്കും വേണ്ടി തുറന്നിരുന്നില്ലെന്നുള്ള പ്രസ്താവം ഒരുവിധം സാങ്കല്പികം മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. പരിഷത്സംവിധാകസമിതിൽ ഉൾപ്പെട്ടിരുന്നിയിരുന്ന ഏതാനും അംഗങ്ങളുടെയും അവണ്ണിച്ചിന്ദ്യങ്ങളിലും പേരുകളിലും ശ്രീ ശർമ്മാ മാപേക്ഷ പറയാൻ ശ്രമിച്ചിരുന്നതിനും പരിഷത്തിന്റെ കവാടം അടയ്ക്കുന്നതിനും 25 അംഗങ്ങളുള്ള കമ്മിറ്റിയിൽ ഒന്നോ രണ്ടോ ക്രൈസ്തവന്മാരുടെയും മാത്രം ഉൾപ്പെടുത്തിയിരുന്നതുകൊണ്ടാണെന്നു കാണിക്കുന്നതിനും പരിഷത്തു മന്ത്രിയായിരുന്നപ്പോൾ ഒരു പുസ്തകത്തിൽ ചിലതു പുസ്തകങ്ങളായിരുന്നു. പ്രസ്തുത മന്ത്രി സർവ്വകലാശാലകളിൽ എന്നിങ്ങനെ സർവ്വകലാശാലകളിൽ എന്നിങ്ങനെ ഉദാഹരണങ്ങൾ എടുത്തുകാണിച്ചിരുന്നു.

അപകീർത്തികരം

ഇതിനുപുറമെ, പരിഷത്തിന്റെ ഒരു പ്രവർത്തകൻ ഒരു പുസ്തകത്തിൽ പരിഷത്തിനെപ്പറ്റി അപകീർത്തികരമായ ചില പരാമർശങ്ങൾ നടത്തിയപ്പോൾ ആ പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കുവാൻ പരിഷത്തിന്റെ പ്രതിനിധിയെ അയയ്ക്കുന്നതിനെ ശ്രീ ചുമ്മാർ എതിർത്തിരുന്നു. ഇതിനെപ്പറ്റി ഒരു പ്രമുഖ പത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ലേഖനം ശ്രീ ചുമ്മാർ എഴുതിയതാണെന്നു ചിലർ ധരിച്ചുവശായി. ഈ ലേഖനത്തിൽ ശ്രീ ചുമ്മാർ പരിഷത്തിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, പരിഷത്തിനെ അപകീർത്തിപ്പെടുത്തുന്ന ഒരു പരാമർശവും അതിൽ ഇല്ലതാനും. ഈ ലേഖനം ശ്രീ കെ. എം. തോമസിന്റെ സഹകാര്യദർശിയായി പ്രവർത്തിച്ചിരുന്ന ശ്രീ കെ. എം. തോമസിനെ സഹകാര്യദർശിയായി കലൂരിൽ തിരഞ്ഞെടുത്തിരുന്നു. പരിഷത്തിൽ ഒരു ശിപായിയുടെ സ്ഥാനം പോലും, പരിഷത്തിന്റെ തലപ്പത്തിരുന്നവർ അദ്ദേഹത്തിനു വകവച്ചുകൊടുക്കാതിരുന്നതിന്റെ പ്രതിഷേധമാണ് 1957–ലെ പരിഷത്തു തിരഞ്ഞെടുപ്പിൽ പ്രകടമായിക്കണ്ടതു്. വാസ്തവത്തിൽ അന്നത്തെ യതാം പരിഷത്തുപാടിയിലുണ്ടായിരുന്നവരിൽ ചിലർ നടത്തിയ ഗിമിക്കുകൾ ഒരു പരിധിവരെയുള്ള കലിനിർ പ്രതീതി അതിനുണ്ടാക്കിയിരുന്നു. അതിനാൽ ശ്രീ ചുമ്മാറിനോ പൂർവ്വാധ്യക്ഷന്മാരിൽ യാരെങ്കിലുമോ അപശബ്ദമുണ്ടാക്കിയതായി അംഗങ്ങൾക്കു ശരിക്കു മനസ്സിലാക്കുന്നവർക്കു ബോധ്യമാകുന്നതാണ്.

1961, 1962 ഈ കൊല്ലങ്ങളിലും ശ്രീ ചുമ്മാർ തന്നെയായിരുന്നു സാഹിത്യപരിഷത്തു മാസികയുടെ പത്രാധിപർ. ഒരു തവണ സാഹിത്യപരിഷത്തിന്റെ പൊതുയോഗസ്ഥാനവും അദ്ദേഹം അലങ്കരിക്കുകയുണ്ടായി. വാസ്തവത്തിൽ സാഹിത്യപരിഷത്തു നിർവ്വാഹകസമിതിയിൽ അവിച്ഛിന്നമായി ഇരു ദീർഘകാലം അംഗമായിരുന്നിട്ടുള്ള വ്യക്തികളിലൊരു ചീപരിമിതമാകുന്ന തേവരനിന്നപേരുകളിലൊന്നായ ഷേവ. സി. ജെ. വക്കിയുടെ ഉദാഹരണത്തിൽ 'ജയഭേരി' മാസിക ഇരുപതിച്ചു കാലത്തു് അതിന്റെ പ്രസാധനത്തിലും ശ്രീ ചുമ്മാർ കുറ്റമായ ഒരു പങ്കുവഹിച്ചിരുന്നു. അക്കാലത്തു് 'ജയഭേരി'യെ കേരളത്തിലെ ഉന്നാകിയിലുള്ള സാഹിത്യമാസികകളിൽ ഒന്നായി ഉയർത്തിയിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ലല്ലോ.

ബഹുമതികരം

ഒരു അദ്ധ്യാപകൻ എന്ന നിലയിൽ ശ്രീ ചുമ്മാറുടെ ജീവിതം ഒരു തികഞ്ഞ വിജയമായിരുന്നു. ഒടുവിൽ ഹൈസ്കൂളിലും കോളേജിലും ഒന്നുപോലെ, അദ്ധ്യാപകർക്കു പ്രിയംകരനായ ഒരു ഗ്രന്ഥകാരനായിരുന്നു അദ്ദേഹം. ട്രോസ്, കേരളം, ഭൂമിശാസ്ത്രശാലകം അദ്ദേഹത്തിന്റെ കഴിവുകളുടെ അത്യുത്തമം നിദർശനങ്ങളാണ്. കോഴിക്കോട് സാമൂതിരി പരിഷത്തു മഹീയിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ പ്രധാനാധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചിരുന്ന പല വിദ്യാർത്ഥികളും ഇന്നു പ്രശസ്തരായ പുരുഷന്മാരാണ്. ഇവരിൽ പലരും ഇന്നും അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ അഭിമാനം കൊള്ളുന്നവരാണ്. ഇവരിൽ പലരും അദ്ദേഹത്തിന്റെ ഗുരുത്വത്തിനു പ്രത്യുപകാരമായി പല ബഹുമതികളും നൽകിയിട്ടുണ്ട്. ഇവരിൽ പലരും അദ്ദേഹത്തിന്റെ ഗുരുത്വത്തിനു പ്രത്യുപകാരമായി പല ബഹുമതികളും നൽകിയിട്ടുണ്ട്.

സാഹിത്യസേവനം

ആറുകൊല്ലം മുമ്പു ശ്രീ ചുമ്മാർ തന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കുകയുണ്ടായി, അടുത്തകൊല്ലം സാഹിത്യസേവനത്തിന്റെ കനകജൂബിലി ആഘോഷിക്കാമെന്നു തോന്നുന്നു. 17–ാമത്തെ വയസ്സുമുതൽ കൈരളീസേവനത്തിൽ വ്യാപൃതനായിരിക്കുകയാണദ്ദേഹം. മലയാളസാഹിത്യത്തിന്റെ ചരിത്രം എഴുതിയിട്ടുണ്ട്, പി. ഗോവിന്ദപ്പിള്ള, പി. ശങ്കരൻനമ്പ്യാർ, ആർ. നാരായണപ്പണിക്കർ, പി. കെ. പരമേശ്വരൻ നായർ, എൻ. കൃഷ്ണപിള്ള, ഏ. ഡി. ഹരിശർമ്മ മുതലായ പലരും. ഇവരുടെ കൃതികളെ ഉടയെല്ലാം ഒരു പ്രത്യേകത, ഉപരിപ്ലവതരമായ സാഹിത്യകാരന്മാരുടെ സംഭാവനകളെ അവഗണിക്കുകയോ, നിസ്സാരമാക്കിക്കാണിക്കുകയോ ചെയ്തിരിക്കുന്നുവെന്നതാണ്. തങ്ങൾ യഷ്ടിക്കാരാണെന്നവരെന്നുവാൻ ഇക്കൂട്ടർ ഒന്നോ രണ്ടോ ക്രിസ്ത്യാനികളുടെ പേരു പറയുകയും ചെയ്യും. പക്ഷേ, മലയാള സാഹിത്യകാരന്മാരുടെ സേവനങ്ങളെ യഥാർഹം വിലയിരുത്തുവാൻ പ്രസ്തുത ഭാഷാപരിജ്ഞാനമുള്ളവരൊന്നും മുതിർന്നിട്ടില്ല. ഇതിനു് ഒരേ ഒരു അപവാദം മഹാകവി ഉള്ളൂർ മാത്രമാകുന്നു. പക്ഷേ പ്രമുഖരായ പല ക്രൈസ്തവസാഹിത്യകാരന്മാരും അദ്ദേഹവും വിസ്മരിച്ചിട്ടുകളഞ്ഞു. ശ്രീ സി. അനന്തപ്പിള്ളയിതന്നെ ഉദാഹരണം.

ക്രൈസ്തവസാഹിത്യകാരന്മാരുടെ സംഭാവനകളെ വെളിച്ചത്തു കൊണ്ടുവരുന്നതിനു മുൻനിന്നു യത്നിച്ചവരിൽ പ്രമുഖനാണ് ഡോ: പി. ജെ. തോമസ്സ്, ചേതനായ ചിത്രമെഴുത്തു കെ. എം. വർഗീസ്, ഡോ: തോമസ്സിന്റെ 'കേരളത്തിലെ ക്രൈസ്തവസാഹിത്യം', ചിത്രമെഴുത്തിനാൽ മലയാളസാഹിത്യത്തിലെ ചില ലേഖനങ്ങളും ഈ വിഷയത്തിൽ വളരെയേറെ മുതിർന്ന വിശിഷ്ട്യങ്ങളാണ്. പക്ഷേ അവരുടെ സംരംഭം മലയാളികളുടെയുടെ ഔപന്യായ ഒരു ചരിത്രമെഴുത്തുകാരനായിരുന്നില്ല. സാഹിത്യകാരന്മാരുടെ ജാതിമതാദികളെയോ, കാരേറ്റത്തരേയും യഥാസ്ഥാനം ഉപയോഗിച്ച് ആ മേഖലയിൽ ഒരു ഭാഷാപാഠകമെഴുതിയ ആദ്യം എന്ന ബഹുമതിക്ക് അവകാശി വിഭാവൻ ടി. എം. ചുമ്മാരാകുന്നു. അദ്ദേഹത്തിന്റെ പദ്യസാഹിത്യചരിത്രവും ഭാഷാഗദ്യസാഹിത്യചരിത്രവുമാണ് മലയാളഭാഷാസാഹിത്യത്തിൽ ആദ്യമുണ്ടായ ഒരു ചരിത്രമാണെന്നു പറയാം.

ജനനവും ബാല്യവും

വരാപ്പുഴയ്ക്കടുത്ത് ചിറയ്ക്കകം കടയിൽ തട്ടാശ്ശേരിൽ മത്തായി, ത്രേസ്യാ എന്ന ദമ്പതിമാരുടെ ദ്വിതീയ പുത്രനായി ശ്രീ ചുമ്മാർ 1899 ഫെബ്രുവരി 13–ാംനു ഉത്രാടം നക്ഷത്രത്തിൽ ജാതനായി. ശ്രീ ചുമ്മാറിന് മൂന്നു അനുജന്മാരുണ്ട്. മണ്ണുത്തുള്ള സ്കൂൾ ഫാമസ്റ്റാർ ടി. എം. വർഗീസ്, ചാലക്കുടി പള്ളി വികാരി റവ: ഫാദർ ജോസഫ് തട്ടാശ്ശേരി, കോട്ടയത്തുള്ള സ്കൂൾ അദ്ധ്യാപകൻ ടി. എം. ഫ്രാൻസിസ് എന്നിവരാണ് ആ സഹോദരന്മാർ. ചുമ്മാരുടെ നേരെമൂത്ത ജ്യേഷ്ഠൻ ചിക്കവിദ്യാഭ്യാസിയായിരിക്കുമ്പോൾ തന്നെ അന്തിയുറങ്ങുകയായിരുന്നു.

ശ്രീ ചുമ്മാരുടെ പിതാവായ തട്ടാശ്ശേരി മത്തായി അക്കാലത്തെ (പക്ഷേ ഇക്കാലത്തെയും) സംസ്കൃതപണ്ഡിതന്മാരിൽ മികച്ച ഒരു വ്യക്തിയായിരുന്നു. പഴയ സമ്പ്രദായത്തിൽ സംസ്കൃതത്തിൽ കാവ്യനാടകാദികളും മിക്കതും പഠിച്ചിട്ടുണ്ടായിരുന്നു അദ്ദേഹം. ഇതിനുശേഷം, അക്ഷരാഭ്യാസം ലഭിച്ച ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹം ചേർത്തലയിലുള്ള ഒരു ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു പഠിച്ചു. ഇക്കാലത്തു് അദ്ദേഹം ഒരു ക്രിസ്ത്യാനിയായിത്തീർന്നു. ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിതാവു് അദ്ദേഹത്തെ ഭവനത്തിൽനിന്നു പുറത്താക്കുകയുണ്ടായി. അന്നു് അദ്ദേഹത്തിനു പ്രായം പതിനാറു വയസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം അടുത്തുള്ള ഒരു ക്രിസ്ത്യാനിഭവനത്തിൽ അഭയം പ്രാപിച്ചു. അവിടെനിന്നു് അദ്ദേഹം ചേർത്തല ഹൈസ്കൂളിൽ പോയി പഠിച്ചു. അവിടെനിന്നു് അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്നു പഠിച്ചു. അവിടെനിന്നു് ഇന്റർമീഡിയറ്റ് പാസ്സായി. അതിനുശേഷം അദ്ദേഹം തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ചേർന്നു പഠിച്ചു. അവിടെനിന്നു് ബി. എ. ബിരുദം നേടി. പക്ഷേ, ഇക്കാലത്തു് അദ്ദേഹത്തിനു ഭാഗ്യം തുണച്ചില്ല. അദ്ദേഹത്തിനു് ഒരു ഹൈസ്കൂൾ അദ്ധ്യാപകന്റെ ജോലിപോലും ലഭിച്ചില്ല. അതിനാൽ അദ്ദേഹം തിരിച്ചുവന്നു് ഒരു കോളേജിൽ ചേർന്നു് എം. എ. ക്ലാസ്സിൽ പഠിക്കുവാൻ തുടങ്ങി. അപ്പോഴാണു് അദ്ദേഹത്തിനു് ഒരു ഹൈസ്കൂൾ അദ്ധ്യാപകന്റെ ജോലി ലഭിച്ചതു്. അതിനാൽ അദ്ദേഹം എം. എ. ക്ലാസ്സിലെ പഠനം നിറുത്തിവച്ചു് ആ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷം അദ്ദേഹം എം. എ. പരീക്ഷയ്ക്കു് ഇരുന്നിട്ടില്ല.

അദ്ധ്യാപകവൃത്തി

ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നപ്പോൾ തന്നെ അദ്ദേഹം സാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുത്തിരുന്നു. അതിനാൽ അദ്ദേഹത്തിനു് പരിഷത്തിന്റെ പ്രവർത്തകസമിതിയിൽ അംഗമാകുവാൻ സാധിച്ചു. അദ്ദേഹം പരിഷത്തിന്റെ പ്രവർത്തകസമിതിയിൽ അംഗമായിരുന്നു. അതിനുശേഷം അദ്ദേഹം പരിഷത്തിന്റെ പ്രസിഡന്റ

തീർത്ഥയാത്ര

ദേശത്യാഗം 12

കഴിഞ്ഞ രണ്ടധ്യായങ്ങളിൽ നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചു കണ്ടിരുന്നും ഇപ്പോൾനമുക്കിപ്പോൾ ഒല്പം കൂടി നമുക്കാനന്ദ സന്ദർശിക്കേണ്ടതുണ്ട് ആ വശ്യമാണ്. മനുഷ്യവിവർത്തനാനന്തരം തൽക്കാലത്തേക്ക് ആ ജീവനത്തിലുണ്ടായിരുന്ന മാറ്റങ്ങളെയായിരുന്നു. ജീവനും മരത്തിനുമിടയിൽ ഒരു വൈരുദ്ധ്യമുണ്ടായിരുന്നു. ഭക്ഷണത്തിനും വിശ്രമത്തിനും വേണ്ടി മാത്രമായിരുന്നു അവൻ മരത്തിനെ ആശ്രയിച്ചിരുന്നത്. ഭക്ഷണം കഴിഞ്ഞാൽ ഉപ്പൻനമ്പൂരിപ്പാട് അവിടെ പ്രത്യക്ഷനായിരുന്ന ലിവ സംതോഷം മനം രണ്ടും തവണ പ്രേഷി തനെ സമീപിച്ച് സുവിശേഷപ്രഘോഷണം ഇവിടെ ഗ്രഹിക്കാൻ അമാന്തിച്ചിരുന്നില്ല. അപ്പോഴത്തെ ആ യുവാവിനെ വളരെ ക്കാര്യമായിരുന്നു. സ്വപ്നത്തിലെ യോടുപമിക്കാവുന്ന അഭിനിവേശം ഗണേശ ഭഗവാനെ ഓർത്തുകൊണ്ടുള്ള ശക്തിയിൽ വിഘ്നവും അതിനെ പോലെ ത പോവുമെന്നുമായിത്തീർന്നു

ബ്രഹ്മചാരിയിൽ വേഷപ്രയത്നം പൂർണ്ണമാക്കി സമുദായത്തെ കഴിഞ്ഞ് ഗൃഹ ഭരണം ശീലിച്ചുകൊണ്ടിരുന്ന അശ്വത ഥൻ ഏലിയേ ദ്വായി ലഭിച്ച ദ്വിതീയനാ യി മൂന്നാം അശ്വതൻ (Philip=അ താണ് ബത്സൈദാകാരൻ) ആയി മാറി. വേളിപ്പായം കടന്നുകിലും മുതലേയുള്ള ജാതകമൊക്കായ്മയാൽ പരിണിതനായതി ല്ല. അമ്മ ഗുണപരിധ്രുവമായ സൂതിനെപ്പോലെ ക്ഷമാവതിയും ഉ ദാരമനസ്സുമായിരുന്നു. ഭവനവും മ ത്തുവിനേയും തനിക്ക് ഒഴിഞ്ഞുവിട്ടു പരിധ്യാഗികമായിത്തീർന്ന സപതനിമാ രോടും അതിനു പ്രേരണം നൽകിയ താമാറിനോടും ആ സരീതോന്മിനു തോന്നിയ സ്നേഹവും കൃതജ്ഞതയും അ ല്പമായിരുന്നില്ല. ഔശ്രമത്തിൽ ഏഴ്ടു അംഗങ്ങൾക്ക വേണ്ട ചെലവിനിൻറെ വ ട്ടമല്ലും ആഴ്ചതോറും ദ്രവ്യമാർ മുഖേന അവർ എത്തിച്ചുകൊണ്ടുകൊണ്ടിരുന്നു. ചുമട്ടുകാരോടന്നിച്ച് അവിടെച്ചെല്ല സ്നേഹവും അശ്വതനെ സ്വീകരിക്ക യും സാമാനങ്ങൾ എടുത്തുകൊണ്ടുപോ യി കൊടുത്തുകിടം മടക്കിക്കൊണ്ടുവന്ന ഏല്പിക്കയും ചെയ്തിരുന്നതു് തബീഥയാ ണ്. മാത്രമല്ല, ഇല്ലാത്തു് ക്ലേശിതനെ ചാവടിയിൽ ബലിപീഠവും മറവും ഗുഹയിലാക്കി രക്ഷാദേവതയും അ വളായിരുന്നു. അങ്ങനെ ആ യുവതിയു ടെ ക്ഷോഭിക്കുന്ന മനസ്സിനെ ശാന്തമാ ക്കാൻ സംഗതിയായി.

തബീഥ അത്സൗരിയും അതുതോ ന്നത്തക്കവണ്ണം ഒരു ദിവസം അ വരോടു പറയുകയും ചെയ്തു. സ്വതന്ത്ര ജീവിതത്തിൽ ചേരുന്നു് സ്വാതന്ത്ര്യ ത്തിനു നിശ്ചയിച്ചുകൊണ്ടിരുന്ന അശ്വ തൻ ഏലിയേയുടെ (Philip=അതാണ് ബത്സൈദാകാരൻ) ആയി മാറി. വേളിപ്പായം കടന്നുകിലും മുതലേയുള്ള ജാതകമൊക്കായ്മയാൽ പരിണിതനായതി ല്ല. അമ്മ ഗുണപരിധ്രുവമായ സൂതിനെപ്പോലെ ക്ഷമാവതിയും ഉ ദാരമനസ്സുമായിരുന്നു. ഭവനവും മ ത്തുവിനേയും തനിക്ക് ഒഴിഞ്ഞുവിട്ടു പരിത